**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് 2011 ആഗസ്റ്റ് 09-ാം തീയതി നടക്കുന്ന ഉപതിരഞ്ഞെടുപ്പ്-ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

**പൊതുഭരണ (ഏകോപന) വകുപ്പ്**

സ.ഉ.(സാധാ)നമ്പർ.5936/2011/പൊ.ഭ.വ. തീയതി, തിരുവനന്തപുരം, 03-08-2011

==========================================================================

പരാമർശം :- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 18-07-2011-ലെ 2300/ബി/2011/സം.തി.ക. എന്ന നമ്പറിലെ കത്ത്.

**ഉ ത്ത ര വ്**

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ 09 ഗ്രാമ പഞ്ചായത്ത്, ഒരു ബ്ലോക്ക് പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ രാജി/ നിര്യാണംമൂലം ഒഴിവുവന്ന സ്ഥാനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പ് 2011 ആഗസ്റ്റ് മാസം 9-ാം തീയതി (ചൊവ്വ) നടത്തുവാൻ സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷൻ തീരുമാനിച്ചിരിക്കുകയാണ്. അവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ ഉപ തെരഞ്ഞെടുപ്പു ജോലികൾക്കായി തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിച്ചിട്ടുള്ള, അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്ന വരണാധികാരികളേയും/ ഉപ വരണാധികാരികളേയും ക്രമസമാധാനപാലനം ഉൾപ്പെടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരേയും, തെരഞ്ഞെടുപ്പ് പ്രക്രിയ അവസാനിക്കുന്നതുവരെ സ്ഥലംമാറ്റരുതെന്നും, ഒഴിച്ചുകൂടാൻ പാടില്ലാത്ത സാഹചര്യത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെ സ്ഥലം മാറ്റേണ്ടതുണ്ടെങ്കിൽ, അതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി വാങ്ങണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**എസ്. ശ്രീല**

സ്പെഷ്യൽ സെക്രട്ടറി.

സെക്രട്ടറി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
ഗവർണറുടെ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ
സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം-10.
പഞ്ചായത്ത് വകുപ്പ് അദ്ധ്യക്ഷൻ, തിരുവനന്തപുരം-33
ഡയറക്ടർ, കൃഷിവകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ, സിവിൽ സപ്ലൈസ്, തിരുവനന്തപുരം,
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ഡയറക്ടർ, സർവ്വെ ആന്റ് ലാൻഡ് റെക്കോർഡ്സ്, തിരുവനന്തപുരം
ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വഴുതക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, ഡയറി ഡവലപ്മെന്റ്, തിരുവനന്തപുരം
വ്യവസായ വാണിജ്യ വകുപ്പു ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, /കൊല്ലം/എറണാകുളം/വയനാട്/കണ്ണൂർ/കാസറഗോഡ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**